**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338** **23-08-2022 - ൽ മറുപടിയ്ക്ക്**

**പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഉളിയേരി ഗ്രാമപഞ്ചായത്തിലെ പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിലെ ബിൽഡിംഗ് പ്രവൃത്തി, സൈഡ് പ്രൊട്ടക്ഷൻ, റോഡ് പ്രവൃത്തി എന്നിവ പൂർത്തീകരിച്ചു. സിവിൽ വർക്കിലെ ലാൻഡ് സ്കേപ്പിംങ്, ഇലക്ട്രിക്കൽ വർക്സ്, പെയിന്റിംഗ്(ഫൈനൽ കോട്ടിംങ്),നെയിം ബോർഡ് എന്നിവയാണ് പൂർത്തീകരിക്കാനുള്ളത്. തുടർ ഘട്ടത്തിലെ ഫർനെസ്സ്, ചിമ്മിനി, അനുബന്ധ ഗ്യാസ് ലൈൻ പ്രവൃത്തികൾ എന്നിവയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിലെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് ഊരാളുങ്കൾ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരുന്നത്. ആയതിന്റെ കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഊരാളുങ്കൾ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡും തമ്മിലാണ്. ആയതിന്റെ പൂർത്തീകരണ കാലാവധി 29.09.2022 വരെയാണ്. ഫർനെസ്സ്, ചിമ്മിനി അനുബന്ധ ഗ്യാസ് ലൈൻ പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത HI-TECH CREMITORIYUM PVT LTD എന്ന സ്ഥാപനം 30% പ്രവൃത്തി പൂർത്തീകരിക്കുകയും തുടർ പ്രവൃത്തികൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കി പുതിയ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ടെൻഡർ ജില്ലാ പഞ്ചായത്ത് ഭരണസമിതി |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുന്ന മുറയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി നടത്താവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയിൽ ഇനി പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയാണ്; കരാർ എടുത്ത കമ്പനി എഗ്രിമെന്റ് സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തത് കൊണ്ട് അവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1) പെയിന്റിംഗ്(ഫൈനൽ കോട്ടിംങ്)<br>2) ലാന്റ് സ്കേപ്പിംങ്<br>3) ഫർനെസ്സ്, ചിമ്മിനി, അനുബന്ധ ഗ്യാസ് ലൈൻ സ്ഥാപിക്കൽ<br>ഫർനെസ്സ്, ചിമ്മിനി, അനുബന്ധ ഗ്യാസ് ലൈൻ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത HI-TECH CREMITORIYUM PVT LTD എന്ന സ്ഥാപനം 30% പ്രവൃത്തി പൂർത്തീകരിക്കുകയും തുടർ പ്രവൃത്തികൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ? | (സി) | സിവിൽ പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനാവുന്നതാണ്. ഫർനെസ്സ്, ചിമ്മിനി, അനുബന്ധ ഗ്യാസ് ലൈൻ പ്രവൃത്തികൾ പുതിയ എഗ്രിമെന്റിൽ ഏർപ്പെടുന്ന മുറയ്ക്ക് ആരംഭിക്കാനാവുന്നതാണ്. |

സെക്ഷൻ ഓഫീസർ